CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

സീറോ മലബാർ സഭയുടെ

# കുർബാനക്രമം

(DRAFT)

(SECOND IMPRESSION)

www.TheCMSIndia.org

# സീറോ മലബാർ സഭയുടെ

# കുർബ്ബാനക്രമം

## കുർബാനക്രമം സംബന്ധിച്ച് പൊതുവായി അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

.1 ദൈവാലയം പടിഞ്ഞാറോട്ടു ദർശനമായി പണികഴിപ്പിച്ചിട്ടുള്ളതാണ് എന്ന സങ്കല്പത്തിലാണ് മദ്ബഹായുടെ അല്ലെങ്കിൽ ബലിപീഠത്തിൻെറ 'വടക്കുവശം' 'തെക്കുവശം' എന്നൊക്കെ പറഞ്ഞിരിക്കുന്നത്. മറേറതെങ്കിലും ദിക്കിലേക്കാണു ദർശനമെങ്കിൽത്തന്നെയും വലത്തുവശം വടക്കുവശമായും ഇടത്തുവശം തെക്കുവശമായും പരിഗണിക്കണം.

2. ദിവ്യബലിയുടെ സമയം മുഴുവൻ സുവിശേഷഗ്രന്ഥം ബലിപീഠത്തിന്മേൽ വടക്കുവശത്തു വച്ചിരിക്കണം. തക്സാ തെക്കുവശത്താണു വയ്ക്കേണ്ടത്. പൂച്ചെണ്ടുകളും മററും ബലിപീഠത്തിന്മേൽ വയ്ക്കുന്നത് അഭിലഷണീയമല്ല.

3. കുർബാന ആരംഭിക്കുന്നതിനു മുൻപും കുർബാന കഴിഞ്ഞു തിരിച്ചു പോകുന്നതിനു മുൻപും ആചാരം ചെയ്യുന്നത് കൂപ്പുകരങ്ങൾ നെററിവരെ ഉയർത്തി ശിരസ്സു നമിച്ചുകൊണ്ടാണ്.

4. കുർബാനയുടെ ആദ്യഭാഗം (Liturgy of the Word) ചൊല്ലുമ്പോൾ പുരോഹിതനും ശുശ്രൂഷികളും മദ്ബഹായിൽ അഴിക്കാലിൻെറ സമീപത്താണു നില്ക്കേണ്ടത്.

5. ശുശ്രൂഷികൾ പുരോഹിതൻെറ ഇരുവശങ്ങളിലുമായി അല്പം പിറകോട്ടുമാറി നില്ക്കുന്നു. ഒരു ശുശ്രൂഷിയേ ഉള്ളു എങ്കിൽ തെക്കുവശത്താണു നില്ക്കേണ്ടത്.

6. കുർബാനയുടെ ആരംഭം മുതൽ സുവിശേഷവായന കഴിയുന്നതുവരെ ജനം നില്ക്കുന്നു. എന്നാൽ സുവിശേഷം ഒഴികെയുള്ള

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

വായനകളുടെ സമയത്തു് ഇരിക്കുന്നു. അനന്തരം സമാധാനാശംസവരെ ഇരിക്കുന്നു. പിന്നീടു് അനാഫൊറാ അവസാനിക്കുന്നതുവരെ നില്ക്കുന്നു. അതിനുശേഷം ദിവ്യകാരുണ്യസ്വീകരണം വരെ മുട്ടുകുത്തി നില്ക്കുകയോ ഇരിക്കുകയോ ചെയ്യാം. തുടർന്നു് അവസാനം വരെ നില്ക്കുന്നു.

7. കാർമ്മികൻ തന്റെ മേൽ കുരിശു വരയ്ക്കുമ്പോൾ വലത്തുകൈ ആദ്യം നെററിയിലും അതിനുശേഷം നെഞ്ചിന്മേലും വയ്ക്കുകയും, പിന്നീടു വലത്തെ ഉരത്തിലേയ്ക്കും അവിടെനിന്നു് ഇടത്തെ ഉരത്തിലേയ്ക്കും കൊണ്ടുവരികയും ചെയ്യുന്നു.

8. ഞായറാഴ്ചകളിലും മററു് ആഘോഷമായ അവസരങ്ങളിലും ധൂപകലശം ഉപയോഗിക്കേണ്ടതാണു്. ഇപ്പോൾ ഉപയോഗത്തിലുള്ളതോ ഭാരതീയ രീതിയിലുള്ളതോ ആയ ധൂപകലശം ഉപയോഗിക്കാവുന്നതാണു്.

9. ഞായറാഴ്ചകളിലും മററു് ആഘോഷാവസരങ്ങളിലും ലേഖനവായനയ്ക്കു മുൻപു പഴയനിയമത്തിൽനിന്നുള്ള വായനകൾ കൂടി ഉണ്ടായിരിക്കുന്നതു് അഭിലഷണീയമാണു്.

10. ഇടദിവസങ്ങളിലും സുവിശേഷവായനയ്ക്കു ശേഷം കാർമ്മികൻ സുവിശേഷത്തെ ആസ്പദമാക്കി ഒരു ലഘുപ്രസംഗം നടത്തുന്നതു് അഭിലഷണീയമാണു്.

11. 'നമ്മെ എല്ലാവരേയും പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും നമുക്കു ഭരമേല്പിക്കാം. എന്ന അപേക്ഷയോടേ ആയിരിക്കണം, സുവിശേഷം കഴിഞ്ഞുള്ള കാറോസൂസാ എപ്പോഴും അവസാനിപ്പിക്കുക. സന്ദർഭോചിതമായ മററു യാചനകൾ ഇടയ്ക്കു കൂട്ടിച്ചേർക്കാവുന്നതാണു്.

12. ഇടദിവസങ്ങളിൽ വിശ്വാസപ്രമാണം ഉപേക്ഷിക്കാവുന്നതാണു്.

13. അപ്പവും വീഞ്ഞും ബലിപീഠത്തിന്റെ ഇരുവശങ്ങളിലുമുള്ള ബേസ്ഗസ്സാകളിലാണു തയ്യാറാക്കുന്നതു്. ബേസ്ഗസ്സാകളില്ലെങ്കിൽ അവയ്ക്കു പകരം ചെറിയ മേശകൾ ഉപയോഗിക്കാം. അതും അസൗകര്യമെങ്കിൽ ബലിപീഠത്തിൽ തന്നെ രണ്ടററങ്ങളിലുമായി ഒരുക്കാം.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



14. തയ്യാറാക്കിയ അപ്പവും വീഞ്ഞും ബലിപീഠത്തിലേയ്ക്ക് ആനയിക്കുന്ന കാഴ്ചവയ്പുപ്രദക്ഷിണം ആഘോഷപൂർവ്വകമായിരിക്കുന്നതു നന്നായിരിക്കും.

15. കാഴ്ചവയ്പിനുശേഷം കാസാ പുരോഹിതന്റെ ഇടത്തുവശത്തും പീലാസാ വലത്തുവശത്തുമാണു ബലിപീഠത്തിൽ വയ്ക്കേണ്ടത്.

16. ബലിപീഠം വന്ദിക്കുന്നതു രണ്ടു വിധത്തിലാകാം. ഒന്നുകിൽ കൈകൾ ബലിപീഠത്തിൽ തൊട്ടശേഷം നെറ്റിമേൽ വയ്ക്കുക. അല്ലെങ്കിൽ ബലിപീഠത്തിൽ നെറ്റി തൊടുവിക്കുക.

17. കൈകൾ വിരിച്ചുപിടിച്ചു പ്രാർത്ഥിക്കുമ്പോൾ പുരോഹിതൻ തന്റെ കരങ്ങൾ ഇരുവശങ്ങളിലേയ്ക്കും നീട്ടി, കൈപ്പത്തികൾ മുകളിലേയ്ക്കു തുറന്നു പിടിക്കേണ്ടതാണ്. കൈകൾ 'ഉയർത്തിപ്പിടിക്കുക' എന്നു പറയുമ്പോൾ കൈകൾ മുമ്പോട്ടു നീട്ടി ഉയർത്തിപ്പിടിക്കേണ്ടതാണ്.

18. പുരോഹിതൻ സമാധാനം നൽകുന്നത് തന്റെ വലത്തുകൈപ്പത്തിയുടെ പുറം ശുശ്രൂഷിയുടെ നെറ്റിയിൽ തൊട്ടുവിച്ചാണ്. ശുശ്രൂഷികൾ തമ്മിൽ തമ്മിലും ജനത്തിനും സമാധാനം നല്കുന്നത് പരസ്പരം കൂപ്പുകരങ്ങളോടെ ശിരസ്സു നമിച്ചുകൊണ്ടോ ഇപ്പോൾ നിലവിലുള്ള രീതിയിലോ ആകാം.

19. ദിവ്യകാരുണ്യം ഇരുസാദൃശ്യങ്ങളിലും നല്കുന്നു. അതിന്, താഴെ പറയുന്ന ഏതെങ്കിലും രീതി ഉപയോഗപ്പെടുത്താവുന്നതാണ്. (1) മുൻകൂട്ടി ഒരുക്കിവച്ചിരിക്കുന്ന ഒരു ചെറിയ സ്പൂൺ ഉപയോഗിച്ചു പുരോഹിതൻ തിരുരക്തം ഉൾക്കൊള്ളുന്നു. എന്നാൽ, യുക്തമെന്നു തോന്നിയാൽ, തിരുശ്ശരീരം തിരുരക്തത്തിൽ മുക്കി ഉൾക്കൊള്ളാവുന്നതാണ്. ആചാരം ചെയ്തതിനു ശേഷം കാസാ ഇടത്തുകൈകൊണ്ട് എടുത്ത് അതേ കയ്യിൽതന്നെ ചൂണ്ടുവിരലിന്റേയും പെരുവിരലിന്റേയും അടിയിലായി നടുവിരലിൽ താങ്ങി പീലാസാ ഉറപ്പിച്ചു പിടിക്കുന്നു. വലത്തുകൈകൊണ്ടു തിരുശ്ശരീരം എടുത്തു തിരുരക്തത്തിൽ മുക്കി, തക്സായിൽ കൊടുത്തിരിക്കുന്ന വാചകം (formula) ചൊല്ലി എഴുന്നള്ളിച്ചുകൊടുക്കുന്നു. 2) പുരോഹിതൻ തിരുരക്തം ഉൾക്കൊള്ളുന്നു. ആചാരം

www.TheCMSIndia.org

ചെയ്തതിനുശേഷം പീലാസാ (കുസ്തോദി) എടുത്ത് അതിൽ നിന്നു തിരുവോസ്തി, തക്സായിൽ കൊടുത്തിരിക്കുന്ന വാചകം ചൊല്ലി എഴുന്നള്ളിച്ചു കൊടുക്കുന്നു.

20. പുരോഹിതന്റെ തിരുവസ്ത്രങ്ങൾ കൊത്തീനാ, സൂനാറാ, ഊറാറാ (ഊറാല), സന്ദേ, പൈനാ എന്നിവയാണ്. ശുശ്രൂഷികൾ കൊത്തീനായും സൂനാറായും ധരിക്കുന്നു.

21. പ്രത്യേകം എടുത്തുപറയാത്തപ്പോഴെല്ലാം പ്രാർത്ഥനകൾ ഉയർന്ന സ്വരത്തിൽ ചൊല്ലേണ്ടതാണ്.

22. കുർബാനയുടെ ആദ്യഭാഗം (Liturgy of the word - വചന ശുശ്രൂഷ) ജനാഭിമുഖമായിനിന്നു ചൊല്ലാവുന്നതാണ്.

23. ഈ തക്സായിൽ ഗാനഭാഗങ്ങളുടെ ഗദ്യം കൂടി കൊടുത്തിട്ടുണ്ട്. യുക്തംപോലെ ഗദ്യമോ പദ്യമോ തെരഞ്ഞെടുക്കാവുന്നതാണ്.

24. പ്രണാമജപങ്ങൾ താഴ്ന്ന സ്വരത്തിലാണു ചൊല്ലേണ്ടത്. ആരംഭിക്കുമ്പോൾ പുരോഹിതൻ കുനിഞ്ഞ് ആചാരം ചെയ്യുകയും തുടർന്നു ചൊല്ലുമ്പോൾ കൈകൾ യാചനാരൂപത്തിൽ മുമ്പോട്ടു നീട്ടിപ്പിടിക്കുകയും അവസാനിക്കുമ്പോൾ ബലിപീഠം വന്ദിക്കുകയും ചെയ്യുന്നു. ആദ്യത്തെ പ്രണാമജപത്തിനു മാത്രം കൈകൾ നീട്ടിപ്പിടിക്കേണ്ടതില്ല.

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# സീറോമലബാർ സഭയുടെ

# കുർബാനക്രമം

സമുചിതമായ ഒരുക്കത്തിനുശേഷം പുരോഹിതൻ സങ്കീർത്തിയിൽ പ്രവേശിച്ച് കൈകൾ കഴുകി നിർദ്ദിഷ്ട തിരുവസ്ത്രങ്ങളണിയുന്നു. ശുശ്രൂഷികളോടുകൂടെ മദ്ബഹായുടെ മദ്ധ്യത്തിൽവന്ന് ആചാരം ചെയ്ത്, തൻെറമേൽ കുരിശടയാളം വര[illegible]

**പുരോ:** ഉന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം (3 പ്രാവശ്യം)

**ഉത്തരം:** ആമ്മേൻ (3 പ്രാവശ്യം)

**പുരോ:** ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും എപ്പോഴും എന്നേക്കും ആമ്മേൻ.

**ഉത്തരം:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പരിശുദ്ധമാക്കപ്പെടണം. അങ്ങയുടെ രാജ്യം വരണം. അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ സ്തുതിയുടെ മഹത്ത്വത്താൽ സ്വർഗ്ഗവും ഭൂമിയും നിറഞ്ഞിരിക്കുന്നു. മാലാഖമാരും മനുഷ്യരും അങ്ങു പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ എന്ന് ഉദ്ഘോഷിക്കുന്നു.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പരിശുദ്ധമാക്കപ്പെടണം. അങ്ങയുടെ രാജ്യം വരണം. അങ്ങയുടെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകണം.

ഞങ്ങൾക്കാവശ്യമായ അപ്പം, ഇന്നു ഞങ്ങൾക്കു നൽകണമേ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ. ഞങ്ങ

ളെ പരീക്ഷയിൽ ഉൾപ്പെടുത്തരുതേ. പ്രത്യേകിച്ചു ദുഷ്ടാരൂപിയിൽനിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമേ.

എന്തുകൊണ്ടെന്നാൽ, രാജ്യവും ശക്തിയും മഹത്വവും എന്നേയ്ക്കും അങ്ങയുടേതാകുന്നു. ആമ്മേൻ.

**പുരോ:** പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി.

ഉത്തരം: ആദിയിലെപ്പോലെ എന്നേയ്ക്കും ആമ്മേൻ.

ശു: പ്രാർത്ഥിക്കാം. നമുക്കു സമാധാനം.

## സങ്കീർത്തനമാലയ്ക്കു മുൻപുള്ള പ്രാർത്ഥന

**പുരോ:** (ഞായറാഴ്ചകളിലും തിരുനാളുകളിലും) ഞങ്ങളുടെ കർത്താവായ ദൈവമേ, മനുഷ്യവംശത്തിന്റെ നവീകരണത്തിനും രക്ഷയ്ക്കും വേണ്ടി, അങ്ങയുടെ പ്രിയപുത്രൻ കാരുണ്യപൂർവ്വം നൽകിയ പരിശുദ്ധ രഹസ്യങ്ങളുടെ പരികർമ്മത്തിനു ബലഹീനരായ ഞങ്ങളെ ശക്തരാക്കണമേ. സകലത്തിന്റേയും നാഥാ, എന്നേയ്ക്കും.

**പു:** (പ്രധാനതിരുനാളുകളിൽ) ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ തിരുനാമത്തിൽ ഞങ്ങൾ ഉറച്ചു വിശ്വസിക്കുകയും ആ വിശ്വാസം ആത്മാർത്ഥതയോടെ ഏറ്റുപറയുകയും ചെയ്യുന്നു. ആത്മശരീരങ്ങളെ പവിത്രീകരിക്കുന്ന പരിഹാരരഹസ്യങ്ങൾ പരിശുദ്ധമായി പരികർമ്മം ചെയ്യുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. നിർമ്മലഹൃദയത്തോടും പാവനചിന്തകളോടും കൂടി പുരോഹിതശുശ്രൂഷ ചെയ്യുവാനും അങ്ങു കാരുണ്യപൂർവ്വം നല്കിയ നിത്യരക്ഷയെപ്രതി നിരന്തരം അങ്ങയെ സ്തുതിക്കുവാനും ഞങ്ങളെ ശക്തരാക്കണമേ. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേയ്ക്കും.

**പുരോ:** (സാധാരണദിവസങ്ങളിൽ) പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ അങ്ങയുടെ ആരാദ്ധ്യമായ ത്രീത്വത്തിന്റെ മഹനീയ നാമത്തിൽ സ്വർഗ്ഗത്തിലും ഭൂമിയിലും, എപ്പോഴും സ്തുതിയും ബഹുമാനവും കൃതജ്ഞതയും ആരാധനയും ഉണ്ടായിരിക്കട്ടെ. സകലത്തിന്റെയും നാഥാ എന്നേയ്ക്കും.

**ഉ:** **ആമ്മേൻ.**

# ശുദ്ധിപത്രം

| Page | Line | തെററ് | ശരി |
|---|---|---|---|
| 2 | 28 | തയ്യാറാക്കുന്നതു് | തയ്യാറാക്കേണ്ടതു് |
| 4 | 2 | വാചകം | വാചകം (formula) |
| 6 | 25 | നാമത്തിൽ | നാമത്തിനു |
| 6 | 28 | സകലത്തിൻെറയും | സകലത്തിൻേറയും |
| 7 | 23 | നൽകിടാത്തോൻ | നൽകീടാത്തോൻ |
| 7 | 26 | മിളകില്ല | മിളകുകില്ല. |
| 8 | 9 | നൽമദ്ദളങ്ങൾ | നൻമദ്ദളങ്ങൾ |
| 8 | 22 | തൻകൃപ | തൽകൃപ |
| 8 | 32 | — | കത്താവേ, ഞങ്ങളെ സഹായിക്കണമേ, |
| 9 | 13 | വാങ്ങാത്തവനും, | വാങ്ങാത്തവനും. |
| 10 | 10 | കർത്താവേ | കർത്താവേ! |
| 11 | 1 | ആരാധിക്കുയും | ആരാധിക്കുകയും |
| 13 | 22 | വായിക്കുമ്പോൾ | വായിക്കുന്നയാൾ |
| 13 | 37 | പ്രാത്ഥയസ്സായി | പ്രാത്ഥനസ്സായി |
| 14 | 31 | മ്ശിഹായേ! | മിശിഹായേ! |
| 16 | 9 | മ്ശിഹായുടെ | മിശിഹായുടെ |
| 17 | 11 | ദൈവമെ | ദൈവമേ |
| 19 | 2 | നെററിവരേ | നെററിവരെ |
| 21 | 16 | മറെറാരുരൂപം | (മറെറാരുരൂപം) |
| 25 | 3 | മിശിഹായെ | മിശിഹായേ, |
| 26 | 6 | താഴെവരേ | താഴെ വരെ |
| 26 | 16 | സഹോദരരേ | സഹോദരരേ, |
| 31 | 11 | നമുക്കു | നമുക്കും |
| 31 | 25 | ഇടയിൽ നിന്ന് | ഇടയിൽ നിന്നു് |
| 31 | 30 | കേൾക്കുകയും— സ്വീകരിക്കുകയും | കേൾക്കുകയും കുർബാന സ്വീകരിക്കുകയും |
| 32 | 14 | ബലിപീഠത്തിന്മേൽ | (ബലിപീഠത്തിന്മേൽ |
| 32 | 15 | തെച്ചോട്ടമായി | തെക്കോട്ടമായി |
| 32 | 15 | ഖരസ്സുന്നു | വരസ്സുന്നു |

| | | | |
|---|---|---|---|
| 32 | 23 | കമഴ്ക്കിപ്പിടിപ്പകൊണ്ടു് | കമഴ്ത്തിപ്പിടിച്ചുകൊണ്ടു് |
| 36 | 24 | പിതാവിൻെറയും | പിതാവിൻേറയും |
| 36 | 25 | പരിശുദ്ധാത്മാവി ൻെറയും | പരിശുദ്ധാത്മാവിൻേറയും |
| 37 | 2 | പിതാവിൻെറയും | പിതാവിൻേറയും |
| 37 | 3 | പുത്രൻെറയും | പുത്രൻേറയും |
| 37 | 3 | പരിശുദ്ധാത്മാവി ൻെറയും | പരിശുദ്ധാത്മാവി ൻേറയും |
| 37 | 9 | പിതാവിൻെറയും | പിതാവിൻേറയും |
| 37 | 10 | പുത്രൻെറയും | പുത്രൻേറയും |
| 40 | 31 | അല്ലെങ്കിൽ | (അല്ലെങ്കിൽ) |
| 41 | 30 | സാധാരണ ദിവസങ്ങളിൽ | (സാധാരണ ദിവസങ്ങളിൽ) |
| 45 | 5 | പെറുക്കന്നവനേ, | പൊറുക്കന്നവനേ, |

CHRISTIAN MUSICOLOGICAL SOCIETY OF INDIA

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS